**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4329** **01-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പ്രീമിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പിൽ ഇടയ്ക്കുവച്ച് ചേരുന്നവരും മുൻവർഷങ്ങളിലെ പ്രീമിയവും അടയ്ക്കണമെന്ന് നിർദേശിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | പുതുതായി സർവീസിൽ പ്രവേശിക്കുന്നവരും മുൻവർഷങ്ങളിലെ പ്രീമിയം അടയ്ക്കണമെന്ന് ആവശ്യപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | **മെഡിസെപ് പോളിസിയുടെ വാർഷിക പ്രീമിയം തുക 4800+18% GST ആണ്. പ്രാഥമിക ഗുണഭോക്താക്കളിൽ നിന്നും പ്രതിമാസം 500/- രൂപ വെച്ച് ഈടാക്കുന്ന തുകയിൽ പ്രീമിയം കഴിച്ച് ബാക്കി തുക സർക്കാരിന്റെ കോർപ്പസ് ഫണ്ടിലേക്ക് താൽകാലികമായി മാറ്റുകയും പ്രസ്തുത തുകയിൽ നിന്നാണ് മാരക രോഗങ്ങൾക്കും അവയവമാറ്റ ചികിത്സകൾക്കുമുള്ള ക്ലെയിം തുക സർക്കാർ കമ്പനിയ്ക്ക് നൽകുന്നത്. ഇക്കാരണത്താലാണ് മൂന്നു വർഷത്തെ പ്രീമിയം തുകയായ 18,000/- രൂപയും ഒടുക്കുന്നവർക്ക് മാത്രമേ അവയവമാറ്റ ശസ്ത്രക്രിയ്ക്കുള്ള Catastrophic Package ന്റെ ആനുകൂല്യം ഉൾപ്പെടെ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ കഴിയുകയുള്ളുവെന്ന നിബന്ധന കൊണ്ടുവന്നത്.** |
| (സി) | മെഡിസെപ്പ് പദ്ധതി ആകർഷകമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | മെഡിസെപ്പ് പദ്ധതി ആകർഷകമാക്കുന്നതിനായി കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകുകയും അനാവശ്യമായി ക്ലെയിമുകൾ നിരസിക്കുന്നതായ പരാതികൾ പാക്കേജ് നിരക്കുകൾ കുറയ്ക്കുന്നതായ പരാതികൾ എന്നിവ സർക്കാർ തലത്തിൽ പരിഹരിക്കുകയും ക്ലെയിം അപ്രൂവൽ ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ സമയബന്ധിതമായി ഇടപെട്ട് കമ്പനിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. **ഗുണഭോക്താക്കളുടെ പക്കൽ നിന്നും അധികമായി പണം കൈപ്പറ്റുന്ന ആശുപത്രികളെ സസ്പെൻഡ് ചെയ്യുന്നത് ഉൾപ്പെടെയുള്ള** |

| | | | |
|---|---|---|---|
| | | | **നടപടികൾക്കും ആശുപത്രികൾക്ക് കൊടുത്തു തീർക്കേണ്ട തുക സമയബന്ധിതമായി കുടിശ്ശികയില്ലാതെ കൊടുത്തു തീർക്കുവാനുള്ള നിർദ്ദേശം, ഏകപക്ഷീയമായി ഇൻഷുറൻസ് കമ്പനി വെട്ടിക്കുറച്ച പാക്കേജ് നിരക്കുകൾ പുനഃസ്ഥാപിക്കൽ, സമയബന്ധിതമായി ആശ്രിതരെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകൽ തുടങ്ങിയ അപാകതകൾക്കുമേൽ കൈക്കൊണ്ട തീരുമാനങ്ങൾ- ക്കൊപ്പം പരാതികൾ സമർപ്പിക്കാനുള്ള വിപുലമായ ഓൺലൈൻ സംവിധാനവും സർക്കാർ തലത്തിലെ ത്രിതല പരാതി പരിഹാര സംവിധാനങ്ങളും പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുന്ന മെഡിസെപ് വെബ്പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും ഹാൻഡ് ബുക്കും നിലവിലെ അപാകതകൾ കുറയ്ക്കുവാനും പദ്ധതിയുടെ ഗുണഫലങ്ങൾ കാര്യക്ഷമമായിത്തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന തരത്തിലും തന്നെ വിഭാവനം ചെയ്തിട്ടുണ്ട്.** കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം ആശുപത്രികൾ നൽകിയ ക്ലെയിമുകൾ(97.7%) ഇൻഷുറൻസ് കമ്പനി തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ